# إرشـــاد الأئـــمـــة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، اراناكلم، كيرلا

(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)


للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി: 08/06/2018.**

**വിഷയം: “ സാർത്ഥക റമളാൻ ”**

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلَا يُنْفِقُونَهَا فِي سَبِيلِ اللَّهِ فَبَشِّرْهُمْ بِعَذَابٍ أَلِيمٍ ﴿توبة: ٣٤﴾

➢ റമളാൻ പര്യവസാനത്തോട് അടുക്കുകയാണ്. അടുത്ത വെള്ളിയാഴ്ച റമളാൻ 30നും ശവ്വാൽ ഒന്നിനും സാധ്യതയുണ്ട്.

➢ ഇനിയുള്ള ദിവസങ്ങൾ വിശ്വാസികൾക്ക് അതിപ്രധാനമാണ്. റമളാൻ എന്ന അതിഥിയെ സന്തോഷമായി യാത്രയാക്കേണ്ടതുണ്ട്. കഴിഞ്ഞ ദിന രാത്രങ്ങളിൽ വല്ല കുറവുകളും വന്നെങ്കിൽ അതുകൂടി പരിഹരിക്കേണ്ട സമയം. അതിഥി റബ്ബിനോട് അനുകൂലമായി സാക്ഷി പറയത്തക്കവിധം ഗുണകരമായ മാറ്റങ്ങൾ ഉണ്ടാകണം.

اللهم اجعل شهر رمضان شاهدا لنا لا علينا

എന്ന പ്രാർത്ഥനയിൽ മാത്രം ഒതുക്കാതെ തദനുസൃതമായ പ്രവർത്തങ്ങൾ കൂടി ഉണ്ടാകണം.

➢ ലൈലത്തുൽ ഖദ്ർ വലിയ ഒരവസരമാണ്. അത് കരഗതമാക്കാൻ നബി അരയും തലയും മുറുക്കി രംഗത്തിറങ്ങുമായിരുന്നു. തന്റെ കുടുബംത്തെക്കൂടി അതിന് പ്രാപ്തമാക്കുമായിരുന്നു.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ شَدَّ مِئْزَرَهُ وَأَحْيَا لَيْلَهُ وَأَيْقَظَ أَهْلَهُ ( بخاري)

الجد في الصلاة فيصلي في الليل والنهار ما استطاع. والجد في القراءة أن يقرأ ما تيسر من القرآن بتدبر وخشوع وقلب حاضر.

والجد في الذكر أن يذكر الله ولا ينساه، ولا يزال لسانه رطبا بذكر الله.

والجد في الدعاء أن يدعو ربه تضرعا وخفية وأن يكثر من الدعاء.

والجد في الأعمال الخيرية المتعددة من النصائح والعبادات، وما أشبه ذلك. والجد في العلم والتعلم وما يتصل بذلك، أي الاجتهاد في الأعمال كلها(شرح الحديث) .

ഇവിടെ 2 കാര്യങ്ങൾ പ്രധാനമാണ്. ഒന്ന്. ലൈലത്തുൽ ഖദ്റിനായി നാം പണിയെടുക്കണം. രാത്രികൾ ഹയാത്താക്കണം. രണ്ട്. ഇത്രവലിയ അവസരത്തെ അവഗണനയോടെ തള്ളിക്കളയുക എന്ന മഹാതിന്മയിൽ അകപ്പെടരുത്.

لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ

➢ ഒപ്പം അല്ലാഹുവിന്റെ കരുണ ലഭിക്കാനാവശ്യമായ നല്ല പ്രവർത്തനങ്ങളിൽ ഏർപ്പെടണം. മനുഷ്യരോട് കരുണ ചെയ്യുന്നവർക്ക് അല്ലാഹു കരുണ ചെയ്യും.

عَنْ عَبْدِ اللَّهِ بْنِ عَمْرٍو: قَالَ رَسُولُ اللَّهِ (ص): الرَّاحِمُونَ يَرْحَمُهُمُ الرَّحْمَنُ، ارْحَمُوا مَنْ فِي الْأَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ(ترمذي)

➢ ഇതിൽ പ്രധാനമാണ് സ്വദഖ, സകാത്തുകൾ. സ്വദഖ സുന്നത്താണ്. ഏതൊരാൾക്കും ഇത് നിർവ്വഹിക്കാനാകും. തന്റെ കുടുബം, അയൽക്കാർ, അർഹതപ്പെട്ടവർ, വിധവകൾ, പ്രയാസപ്പെടുന്നവർ... ഇവരെയൊക്കെ പരിഗണിക്കണം. ഇത് വലിയ സൽക്കർമ്മമാണ്.

مَنْ ذَا الَّذِي يُقْرِضُ اللَّهَ قَرْضًا حَسَنًا فَيُضَاعِفَهُ لَهُ وَلَهُ أَجْرٌ كَرِيمٌ ﴿حديد: ١١﴾

عَنْ سَعِيدِ بْنِ يَسَارٍ أَنَّهُ سَمِعَ أَبَا هُرَيْرَةَ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا تَصَدَّقَ أَحَدٌ بِصَدَقَةٍ مِنْ طَيِّبٍ وَلَا يَقْبَلُ اللَّهُ إِلَّا الطَّيِّبَ إِلَّا أَخَذَهَا الرَّحْمَنُ بِيَمِينِهِ وَإِنْ كَانَتْ تَمْرَةً فَتَرْبُو فِي كَفِّ الرَّحْمَنِ حَتَّى تَكُونَ أَعْظَمَ مِنْ الْجَبَلِ كَمَا يُرَبِّي أَحَدُكُمْ فَلُوَّهُ أَوْ فَصِيلَهُ (بخاري)

(الْفَلُوُّ) الْمُهْرُ سُمِّيَ بِذَلِكَ ؛ لِأَنَّهُ فُلِّيَ عَنْ أُمِّهِ ، أَيْ : فُصِلَ وَعُزِلَ . وَالْفَصِيلُ : وَلَدُ النَّاقَةِ إِذَا فُصِلَ مِنْ إِرْضَاعِ أُمِّهِ

നരകമോചനത്തിന്റെ ഈ നാളുകളിൽ സ്വദഖകൾക്ക് വലിയ സ്ഥാനമുണ്ട്.

عَنْ أَنَسٍ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " الصَّدَقَةُ تُطْفِئُ غَضَبَ الرَّبِّ وَتَدْفَعُ مِيتَةَ السُّوءِ(ترمذي)

➢ മറ്റൊന്ന് നിർബന്ധ ദാനമായ സക്കാത്താണ്. ഇത് നിശ്ചിത കഴിവുള്ളവർ ചെയ്യേണ്ടതാണ്. നിശ്ചിത ധനം ഒരു കൊല്ലം നീക്കിയിരിപ്പുള്ളവർ, കച്ചവടക്കാർ, കർമ്മശാസ്ത്രം വ്യക്തമാക്കിയ കാർഷിക വിഭവങ്ങൾ ഒക്കെ സക്കാത്ത് വരുന്ന കാര്യങ്ങളാണ്. (സ്വർണ്ണത്തിന്റെ സകാത്ത് അതാത് മദ്ഹബു പ്രകാരം വിവരിക്കുക. ശാഫിഈമദ്ഹബിൽ ആഭരണങ്ങൾക്ക് സകാത്തില്ല.)

ഇത് നോമ്പ്, നിസക്കാരങ്ങൾ പോലെ നിർബന്ധ ബാധ്യതയാണ്. ഖുർആനിൽ നിസക്കാരം-സകാത്ത് എന്നിവയെ ഇണകളായി ചേർത്താണ് പറഞ്ഞിട്ടുള്ളത്. ഉദാ:

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ ﴿بقرة: ١١٠﴾

അതിന്റെ ഉദ്ദേശ്യം: ഒന്നില്ലാതെ മറ്റൊന്ന് സ്വീകരിക്കില്ല എന്നാണ്. ഇത് ഇബ്നു അബ്ബാസ് പറഞ്ഞിട്ടുണ്ട്.

➢ സാധുക്കളുടെ അവകാശം കൊടുക്കാതെ പിടിച്ചുവെക്കുന്നത് ഭൗതീകമായും സാമ്പത്തികമായും കനത്ത നഷ്ടമുണ്ടാക്കും.

وَعَنْ عَائِشَةَ قَالَتْ:سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : مَا خَالَطَتِ الزَّكَاةُ مَالًا قَطُّ إِلَّا أَهْلَكَتْهُ (مرقات)

عَنْ عُبَادَةَ بْنِ الصَّامِتِ ، أَنّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " مَا تَلَفَ مَالٌ فِي بَرٍّ وَلا بَحْرٍ إِلا بِمَنْعِ الزَّكَاةِ ، فَحَرِّزُوا أَمْوَالَكُمْ بِالزَّكَاةِ ، وَدَاوُوا مَرْضَاكُمْ بِالصَّدَقَةِ (طبراني)

സകാത്ത് കൊടുക്കാതിരിക്കാൻ ശ്രമിച്ചവരുടെ കൃഷി നശിച്ചുപോയ ചരിത്രം ഖുർആൻ വിവരിച്ചിട്ടുണ്ട്.

إِنَّا بَلَوْنَاهُمْ كَمَا بَلَوْنَا أَصْحَابَ الْجَنَّةِ إِذْ أَقْسَمُوا لَيَصْرِمُنَّهَا مُصْبِحِينَ*........كَذَلِكَ الْعَذَابُ وَلَعَذَابُ الآخِرَةِ أَكْبَرُ لَوْ كَانُوا يَعْلَمُونَ ﴿قلم: ١٧-٣٣﴾

➢ ഇതിനും പുറമേ പരലോകത്തിന്റെ ശിക്ഷകൾ വേറേയും.

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلَا يُنْفِقُونَهَا فِي سَبِيلِ اللَّهِ فَبَشِّرْهُمْ بِعَذَابٍ أَلِيمٍ ﴿توبة: ٣٤﴾

റമളാൻ അവസാനിക്കുന്നതോടെ ഫിത്ർ സകാത്തും നിർവ്വഹിക്കേണ്ടതുണ്ട്. (അതിന്റെ ഫിഖ്ഹ് വിവരിക്കുക) ചുരുക്കത്തിൽ റമളാൻ സ്വീകാര്യമാകാൻ പരിശ്രമിക്കുക.

∆ ∆ ∆